"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - പൂന്തി-അണമുഖം ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 28/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക - '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1364/2025/LSGD തീയതി, തിരുവനന്തപുരം, 02-06-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.28/2009 നമ്പർ കേസിന്മേലുള്ള 19/10/2012 തീയതിയിലെ വിധിന്യായം
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/03/2024-ലെ എ3/2433/2011/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/04/2025-ലെ കെ10-49261/13 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 28/09 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 9,91,368/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റിഅറുപത്തിയെട്ട് രൂപ മാത്രം) രൂപയിൽ ടി കേസിനായി വിനിയോഗിച്ചിട്ടുള്ള 4,95,684/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി അറുന്നൂറ്റിഎൺപ്പത്തിനാല് രൂപ മാത്രം) റവന്യൂ വകുപ്പിലേക്ക് റിക്കപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യാഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. ജോയ് ആന്റണി, ശ്രീമതി ഹേമ ഗോവിന്ദ് എന്നിവർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 28/09 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച്

റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 9,91,368/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റിഅറുപത്തിയെട്ട് രൂപ മാത്രം) രൂപയിൽ ടി കേസിനായി വിനിയോഗിച്ചിട്ടുള്ള 4,95,684/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി അറുന്നൂറ്റിഎൺപ്പത്തിനാല് രൂപ മാത്രം) 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റീക്കൂപ്പ് റിക്കൂപ്പ് ചെയ്യുന്നതിനായി '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
റവന്യൂ (ബി) വകുപ്പ്.
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/191/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-06-2025 16:27:35
സെക്ഷൻ ഓഫീസർ